ആർ.ടി.ഓഫീസ് അനുവദിക്കുവാൻ നടപടി

62 [5618] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോയിന്റ് ആർ.ടി. ഓഫീസുകൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങൾ ഏതൊക്കെയാണ്;

(ബി) റാന്നി താലൂക്ക് ആസ്ഥാനത്ത് ഒരു ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കുന്നത്തൂർ, പത്തനംതിട്ട ജില്ലയിലെ റാന്നി, ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, നിലമ്പൂർ, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി, മാനന്തവാടി എന്നീ താലൂക്കുകളിൽ ജോയിന്റ് ആർ.ടി. ഓഫീസുകൾ പ്രവർത്തിക്കുന്നില്ല.

(ബി). ഒരു പ്രദേശത്തെ വാഹനങ്ങളുടെ കണക്ക് പരിശോധിച്ചതിനുശേഷമേ പുതിയ ജോയിന്റ് ആർ.ടി ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കാനാവൂ.

അന്തർ സംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

63 [5619] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് എത്ര അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ പുതുതായി ഇത്തരം എത്ര സർവ്വീസുകൾ ആരംഭിച്ചു; നിലവിൽ എത്ര സർവ്വീസുകൾ ഉണ്ട്; അവ ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്കാണെന്ന് വ്യക്തമാക്കാമോ;

(സി) 1996 മുതൽ 2003 ജൂൺ 30 വരെ അന്തർ സംസ്ഥാന ബസ് സർവ്വീസ് വഴി സംസ്ഥാനത്തിന് ലഭിച്ച വരുമാനം വെളിപ്പെടുത്തുമോ;

(ഡി) അന്തർ സംസ്ഥാന ബസ് സർവ്വീസുകൾക്ക് രൂപം നൽകുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് പരിശോധനാ വിധേയമാക്കുന്നത്;

(ഇ) ട്രെയിൻ സമയം ഈ വിഷയത്തിൽ പരിശോധനാ വിധേയമാക്കാറുണ്ടോ; വിശദ വിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 259 (ഇരുന്നൂറ്റി അമ്പത്തി ഒമ്പത്).

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി (1) തിരുവനന്തപുരം-മൈസൂർ (2) എറണാകുളം-മംഗലാപുരം (3) കാസർഗോഡ്-ബാംഗ്ലൂർ (2 സർവ്വീസ്) എന്നിവ തുടങ്ങുകയുണ്ടായി. നിലവിൽ 263 ട്രിപ്പുകൾ തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു.

(സി) അന്തർ സംസ്ഥാന സർവ്വീസുകളുടെ വരുമാനം പ്രത്യേകമായി കെ.എസ്.ആർ.ടി.സി. തിട്ടപ്പെടുത്താറില്ല.

(ഡി) അന്തർ സംസ്ഥാന സർവ്വീസുകൾക്കുള്ള റൂട്ടുകൾ തീരുമാനിച്ചശേഷം ഇരു സംസ്ഥാനങ്ങളിലേയ്ക്ക് ഓടിക്കേണ്ട കിലോമീറ്ററിന്റെ അനുപാതത്തിൽ അന്തർ സംസ്ഥാന കരാറുകൾക്ക് രൂപം നൽകുന്നു.

(ഇ) ഉണ്ട്. അന്തർ സംസ്ഥാന റൂട്ടിൽ ഉൾപ്പെടുന്ന പ്രധാന സ്ഥലങ്ങളിലേയ്ക്ക് ട്രെയിൻ സമയം കൂടി കണക്കിലെടുത്താണ് ഷെഡ്യൂൾ രൂപപ്പെടുത്തുന്നത്.

അന്തർ സംസ്ഥാനങ്ങളിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ നികുതി

64 [5620] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതിന് അനുമതി നൽകിയിട്ടുള്ള യാത്രാബസ്സുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) അന്തർ സംസ്ഥാനങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ നികുതി നിരക്ക് എത്രവീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ വാഹനങ്ങളുടെ നികുതി ഒടുവിലായി വർദ്ധിപ്പിച്ചത് എന്നാണ്; എത്ര വീതം വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്തേയ്ക്ക് വരുന്ന യാത്രാ ബസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വാഹനങ്ങളിൽനിന്ന് നികുതി ഇനങ്ങളിലായി വസൂലാക്കുന്ന സംഖ്യ എത്ര; ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് ഈ നികുതി ഈടാക്കുന്നതെന്ന് വെളിപെടുത്താമോ;

(എഫ്) യാത്രാബസ്സുകൾക്കു പുറമെ ഇന്റർ സ്റ്റേറ്റ് പെർമിറ്റുള്ള എത്ര ടൂറിസ്റ്റ് ബസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) ഈ വാഹനങ്ങളിൽ ഓരോ വർഷവും ശരാശരി ലഭിക്കുന്ന നികുതി വരുമാനം എത്രയാണെന്ന് പറയാമോ?

ഉത്തരം

(എ) അന്തർ സംസ്ഥാന കരാർപ്രകാരം 333 ബസ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി..	..	263
പ്രൈവറ്റ്	..	70

ജില്ല തിരിച്ചുള്ള അടിസ്ഥാനത്തിൽ അല്ല ഈ അനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly